പതിന്നാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 3080

10/03/2017 ൽ മറുപടിയ്ക്ക്

## റീസർവ്വേക്ക് ആധുനിക സാങ്കേതികവിദ്യകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. അനിൽ അക്കര<br>ശ്രീ. വി.ടി. ബൽറാം | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ റീസർവ്വേ നടപടികൾ ഏത് ഘട്ടത്തിലാണ്; | (എ) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 884 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന വില്ലേജുകൾ സമയബന്ധിതമായി പൂർത്തിയാ-ക്കുന്നതിന് ആവശ്യമായ കർമ്മ പദ്ധതികൾ തയ്യാറാക്കിയും യഥാസമയങ്ങളിൽ പുരോഗതി വിലയിരുത്തിയും സർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) റീസർവ്വേ നടപടികൾ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി അടിയന്തി-രമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) റീ-സർവ്വേ പ്രവർത്തനങ്ങൾ ആധുനിക സർവ്വേ ഉപകരണങ്ങളായ ജി.പി.എസ്. (ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം) ഇ.റ്റി.എസ് (ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ) എന്നീ ഉപകരണങ്ങൾ ഉപയോഗിച്ച് കൃത്യതയോടെയും പൊതുജന പങ്കാളിത്തം ഉറപ്പാക്കിയും വ്യക്തമായ ആക്ഷൻ പ്ലാനോടെ സമയബന്ധിതമായും കുറ്റമറ്റ രീതിയിലും പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ